## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2584.** **09.03.2017 ന് മറുപടിയ്ക്ക്**

## റേവ് പാർട്ടികളിലെ ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കെയിൻ പാർട്ടികൾ എന്നിവ സംഘടിപ്പിച്ച് ലഹരി ഉപയോഗം വർദ്ധിപ്പിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്: | (എ) | സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കെയിൻ പാർട്ടികൾ തുടങ്ങിയവ നടത്തുന്നതിനെതിരെ എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇത് സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതും നിയമലംഘനം ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഇത്തരം പാർട്ടികൾ സംഘടിപ്പിയ്ക്കുന്നവർക്കെതിരെയടക്കം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2017 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 18591 അബ്കാരി കേസുകളും, 2508 എൻ.ഡി.പി.എസ്. കേസുകളും, 48568 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വകുപ്പുതല നടപടികൾക്കു പുറമേ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | (സി) | സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗം മാറിയിട്ടുണ്ട്. ഇതിനെതിരെ അതി ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ, എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുവാനും എക് സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തി വരുന്നു. ബഹുജനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്,എസ്. കുടുംബശ്രീ, സംസ്ഥാന ലൈബ്രറി |

| | | | |
|---|---|---|---|
| | | | കൗൺസിൽ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഏകോപിപ്പിച്ചു നടത്തുവാൻ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ-'വിമുക്തി'യ്ക്ക് രൂപം നൽകിയിട്ടുണ്ട്. 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 2017 ജനുവരി 30 ന് ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തുകയുണ്ടായി.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാനത്തെ എല്ലാ വീടുകളിലും ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന "വിമുക്തി" സ്റ്റിക്കർ 2017 മാർച്ച് 8 മുതൽ 31വരെ പതിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>"വിമുക്തി"യുടെ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളോടും ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാനും എക്സൈസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**